"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2024 ആഗസ്റ്റ് മുതൽ 2025 ജനുവരി വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷൻ - പ്രാഥമിക കാർഷിക /മറ്റ് വായ്പാ സംഘങ്ങൾക്ക് നൽകാനുള്ള ഇൻസെന്റീവ് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ(എസ് എഫ് സി - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4252/2025/FIN തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-

1. സ.ഉ.(എം എസ്) നം.324/2016/ധന തീയതി: 15/08/2016
2. സ.ഉ.(സാധാ) നം.6950/2016/ധന തീയതി:23/08/2016
3. സ.ഉ.(സാധാ) നം.7353/2016/ധന തീയതി:06/09/2016
4. സ.ഉ.(സാധാ) നം.254/2022/ധന തീയതി:12/01/2022
5. സ.ഉ.(കൈ) നം.3/2023/ധന തീയതി:05/01/2023
6. സ.ഉ.(സാധാ) നം.7000/2024/ധന തീയതി:13/09/2024
7. സ.ഉ.(സാധാ) നം.6518/2024/ധന തീയതി:27/08/2024
8. സ.ഉ.(സാധാ) നം.6908/2024/ധന തീയതി: 10/09/2024
9. സ.ഉ.(സാധാ) നം.7895/2024/ധന തീയതി:24/10/2024
10. സ.ഉ.(സാധാ) നം.8182/2024/ധന തീയതി: 05/11/2024
11. സ.ഉ.(സാധാ) നം.9466/2024/ധന തീയതി: 20/12/2024
12. സ.ഉ.(സാധാ) നം.606/2025/ധന തീയതി: 22/01/2025
13. സ.ഉ.(എം എസ്) നം.133/2022/ധന തീയതി: 29/07/2022
14. 20.03.2025-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടർ (റൂറൽ)-ന്റെ LSGD/PD/2651/2023- SSP2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ട് വിതരണം നടത്തുന്നതിനുള്ള ഇൻസെന്റീവ് തുക പരിഷ്കരിച്ച് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ

പെൻഷൻ നേരിട്ട് വീട്ടുകളിൽ എത്തിച്ചതിനുള്ള ഇൻസെന്റീവ് പരാമർശം(6) പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. തുടർന്ന് പരാമർശം (7) മുതൽ (12) വരെയുള്ള ഉത്തരവുകൾ പ്രകാരം 2024 ആഗസ്റ്റ് മുതൽ 2025 ജനുവരി വരെ എല്ലാ മാസവും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. 2024 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ, 2025 ജനുവരി എന്നീ മാസങ്ങളിൽ അനുവദിച്ച് വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷൻ നേരിട്ട് വീട്ടുകളിൽ എത്തിച്ചതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക / മറ്റ് വായ്പാ സംഘങ്ങൾ എന്നിവയ്ക്ക് നൽകേണ്ട ഇൻസെന്റീവ് തുക ₹ 40,50,23,580/- (നാല്പത് കോടി അൻപതു ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (14) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടർ(റൂറൽ) അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ആഗസ്റ്റ് മാസം മുതൽ 2025 ജനുവരി മാസം വരെ അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ നേരിട്ട് വീട്ടുകളിൽ എത്തിച്ചതുമായി ബന്ധപ്പെട്ടുള്ള ഇൻസെന്റീവ് തുക പ്രാഥമിക കാർഷിക /മറ്റ് വായ്പാ സംഘങ്ങൾക്ക് 30 രൂപ നിരക്കിൽ നൽകുന്നതിനായി പരാമർശം (12) ഉത്തരവിലെ മുഴുവൻ നിർദ്ദേശങ്ങളും കർശനമായി പാലിച്ചു കൊണ്ട് വിതരണം ചെയ്യേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി, ചുവടെയുള്ള പട്ടിക പ്രകാരം **40,50,23,580/-** രൂപ ( **നാല്പത് കോടി അൻപതു ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം**) അനുവദിച്ചു കൊണ്ടും, ടി തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ(റൂറൽ)-ന്റെ പേരിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേയ്ക്കായി വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 799012100000001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകിയും ഉത്തരവാകുന്നു.

| ക്രമനം | പെൻഷൻ വിതരണം ചെയ്ത മാസം | ഗുണഭോക്താക്കളുടെ എണ്ണം | ഇൻസെന്റീവ് തുക |
|---|---|---|---|
| 1 | 2024 ആഗസ്റ്റ് | 2275946 | 68278380 |
| 2 | 2024 സെപ്റ്റംബർ | 2275858 | 68275740 |
| 3 | 2024 ഒക്ടോബർ | 2212029 | 66360870 |
| 4 | 2024 നവംബർ | 2222266 | 66667980 |
| 5 | 2024 ഡിസംബർ | 2256912 | 67707360 |
| 6 | 2025 ജനുവരി | 2257775 | 67733250 |
| | ആകെ | 13500786 | 40,50,23,580 |

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

3. ഇൻസെന്റീവ് തുക തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ(റൂറൽ)-ന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേയ്ക്കായി വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ

ടി എസ് ബി അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നം. 799012100000001) പതിനാല് ജില്ലകളിലെയും സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർമാരുടെ പെൻഷൻ ട്രഷറി അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി സെല്ലിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

സ്വീകർത്താക്കൾ:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഫയൽ നം.1587757/എസ് എഫ് സി-ബി1/133/2020/ധന)

ഉത്തരവിൻ പ്രകാരം

Signed by Mini B S
Date: 09-05-2025 17:10:54
സെക്ഷൻ ഓഫീസർ

## അനുബന്ധം I

### 2024 ആഗസ്റ്റ് മുതൽ 2025 ജനുവരി വരെയുള്ള മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വീട്ടുകളിൽ നേരിട്ട് വിതരണം നടത്തിയതിനുള്ള ഇൻസെന്റീവ് തുക

| മാസം | കർഷക തൊഴിലാളി പെൻഷൻ | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 2024 ആഗസ്റ്റ് | 198633 | 5958990 | 1274668 | 38240040 | 187042 | 5611260 | 45560 | 1366800 | 570043 | 17101290 | 2275946 | 68278380 |
| 2024 സെപ്റ്റംബർ | 198197 | 5945910 | 1274975 | 38249250 | 187113 | 5613390 | 45540 | 1366200 | 570033 | 17100990 | 2275858 | 68275740 |
| 2024 ഒക്ടോബർ | 192865 | 5785950 | 1246568 | 37397040 | 179327 | 5379810 | 44170 | 1325100 | 549099 | 16472970 | 2212029 | 66360870 |
| 2024 നവംബർ | 192744 | 5782320 | 1254562 | 37636860 | 179847 | 5395410 | 44309 | 1329270 | 550804 | 16524120 | 2222266 | 66667980 |
| 2024 ഡിസംബർ | 193555 | 5806650 | 1271465 | 38143950 | 183644 | 5509320 | 45141 | 1354230 | 563107 | 16893210 | 2256912 | 67707360 |
| 2025 ജനുവരി | 191687 | 5750610 | 1276343 | 38290290 | 183043 | 5491290 | 45026 | 1350780 | 561676 | 16850280 | 2257775 | 67733250 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 1167681 | 35030430 | 7598581 | 227957430 | 1100016 | 33000480 | 269746 | 8092380 | 3364762 | 100942860 | 13500786 | 405023580 |